**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 486** **30-01-2024 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ സെസ് വഴി ലഭിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പെട്രോളിനും ഡീസലിനും സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയത് വഴി എത്ര തുക സമാഹരിക്കാനാണ് ലക്ഷ്യമിട്ടതെന്നും എത്ര തുക നാളിതുവരെ സമാഹരിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | 2023 ലെ കേരള ധനകാര്യ നിയമപ്രകാരം സംസ്ഥാനത്ത് 2023 ഏപ്രിൽ 1 മുതലാണ് പെട്രോളിനും ഡീസലിനും സാമൂഹ്യ സുരക്ഷാ സെസ് ഈടാക്കാൻ തുടങ്ങിയത്. 2023-24 ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 563 പ്രകാരം പെട്രോളിനും ഡീസലിനും ഈടാക്കുന്ന സാമൂഹ്യ സുരക്ഷാ സെസ്സിലൂടെ സർക്കാർ 750 കോടി രൂപ പ്രതിവർഷം പ്രതീക്ഷിക്കുന്നു എന്ന് പ്രഖ്യാപിക്കുകയുണ്ടായി. നടപ്പ് സാമ്പത്തിക വർഷം 2023 ഡിസംബർ 31 വരെ ലഭ്യമായ കണക്കുകൾ പ്രകാരം ഈ ഇനത്തിൽ പെട്രോളിയം ഉല്പന്നങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടിയ തുക 685.79 കോടി രൂപയാണ്. (provisional) |
| (ബി) | ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന് സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയത് വഴി എത്ര തുക സമാഹരിക്കാനാണ് ലക്ഷ്യമിട്ടതെന്നും എത്ര തുക നാളിതുവരെ സമാഹരിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം നൽകാമോ; | (ബി) | 2023-24 ബജറ്റ് പ്രസംഗം ഖണ്ഡിക 562 പ്രകാരം ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന് ഈടാക്കുന്ന സാമൂഹ്യ സുരക്ഷാ സെസ്സിലൂടെ സർക്കാർ 400 കോടി രൂപ പ്രതിവർഷം പ്രതീക്ഷിക്കുന്നു എന്ന് പ്രഖ്യാപിക്കുകയുണ്ടായി. നടപ്പ് സാമ്പത്തിക വർഷം 2023 ഡിസംബർ 31 വരെ ലഭ്യമായ കണക്കുകൾ പ്രകാരം ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിൽ നിന്നും ഈ ഇനത്തിൽ പിരിഞ്ഞു കിട്ടിയ തുക 157.54 കോടി രൂപയാണ് (provisional). |
| (സി) | സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയതിന് ശേഷം സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കുടിശ്ശികയില്ലാതെ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അതിന് കഴിയാത്തതെന്ന് വ്യക്തമാക്കുമോ; | (സി) | സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുകയെന്ന സർക്കാരിന്റെ പ്രധാന കർത്തവ്യം നിർവ്വഹിക്കുന്നതിന്റെ ഭാഗമായാണ് സാമൂഹ്യസുരക്ഷാ സീഡ് ഫണ്ട് മുഖേന അധിക ധനസമാഹരണത്തിന് സർക്കാർ ശ്രമിക്കുന്നത്. 2023 ഏപ്രിൽ 1 മുതൽ 2023 നവംബർ 30 വരെയുള്ള കാലയളവിൽ പെട്രോൾ, ഡീസൽ സെസ്സിനത്തിൽ 600.78 കോടിയോളം രൂപയും ഇന്ത്യൻ നിർമ്മിത വിദേശ മദ്യം (IMFL) സെസ്സിനത്തിൽ 139.92 കോടിയോളം രൂപയും മാത്രമാണ് ആകെ ലഭിച്ചത്. സംസ്ഥാനത്ത് നിലവിൽ |

| | | | |
|---|---|---|---|
| | | | ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിക്കുന്നതിന് ഏകദേശം 900 കോടിയോളം രൂപ ആവശ്യമാണ്. അതായത് 8 മാസക്കാലമായി സെസ്സിനത്തിൽ ലഭിച്ച ആകെ തുക ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം നടത്തുന്നതിന് പോലും മതിയാകില്ല. സെസ്സ് ഉൾപ്പെടെ വരവ് ഇനത്തിൽ ലഭിക്കുന്ന തുകകൾ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വരവ് വയ്ക്കുകയും, ക്ഷേമപെൻഷനുകൾക്കുള്ള ചെലവുകൾ ബന്ധപ്പെട്ട ബഡ്ജറ്റ് ശീർഷകങ്ങളിൽ വകയിരുത്തിയ തുകയിൽ നിന്നും അപ്രോപ്രിയേഷൻ നിയന്ത്രണത്തിന് വിധേയമായി ചെലവഴിക്കുകയുമാണ് ചെയ്യുന്നത്. ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും ഫണ്ട് കണ്ടെത്തുന്നതിനുമായി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തിച്ച് വരികയാണ്. ഈ കമ്പനി നടത്തുന്ന താൽക്കാലിക കടമെടുപ്പ് സർക്കാരിന്റെ പൊതുകടമായി കണക്കാക്കുമെന്ന കേന്ദ്ര നിലപാട് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ട്. ആയതിനാൽ, പെൻഷൻ വിതരണത്തിന് ആവശ്യമായ തുക ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ട സാഹചര്യമാണുള്ളത്. ഇത് പെൻഷൻ വിതരണത്തെ ബാധിക്കുമെങ്കിലും ക്ഷേമപെൻഷനുകൾ പരമാവധി സമയത്തുതന്നെ ലഭ്യമാക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. |
| (ഡി) | പ്രതിമാസം വിവിധ സാമൂഹ്യ സുരക്ഷാ സെസ് വഴി സമാഹരിക്കുന്ന തുകയും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം ചെയ്യാൻ വേണ്ടി വരുന്ന തുകയും ഏകദേശം എത്ര വീതമാണെന്നും ഇവ തമ്മിലുള്ള അന്തരം എത്ര തുകയാണെന്നും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം ചെയ്യാൻ മറ്റ് ഏതെല്ലാം മാർഗ്ഗത്തിലൂടെയാണ് തുക വകയിരുത്തിയിട്ടുള്ളതെന്നും വിശദമാക്കുമോ? | (ഡി) | സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുകയെന്ന സർക്കാരിന്റെ പ്രധാന കർത്തവ്യം നിർവ്വഹിക്കുന്നതിന്റെ ഭാഗമായാണ് സാമൂഹ്യസുരക്ഷാ സീഡ് ഫണ്ട് മുഖേന അധിക ധനസമാഹരണത്തിന് സർക്കാർ ശ്രമിക്കുന്നത്. 2023 ഏപ്രിൽ 1 മുതൽ 2023 നവംബർ 30 വരെയുള്ള കാലയളവിൽ പെട്രോൾ, ഡീസൽ സെസ്സിനത്തിൽ 600.78 കോടിയോളം രൂപയും ഇന്ത്യൻ നിർമ്മിത വിദേശ മദ്യം (IMFL) സെസ്സിനത്തിൽ 139.92 കോടിയോളം രൂപയും മാത്രമാണ് ആകെ ലഭിച്ചത്. സംസ്ഥാനത്ത് നിലവിൽ ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിക്കുന്നതിന് ഏകദേശം 900 കോടിയോളം രൂപ ആവശ്യമാണ്. അതായത് 8 മാസക്കാലമായി സെസ്സിനത്തിൽ ലഭിച്ച ആകെ തുക ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം നടത്തുന്നതിന് പോലും |

| | | | | |
|---|---|---|---|---|
| | | | | മതിയാകില്ല. സെസ്സ് ഉൾപ്പെടെ വരവ് ഇനത്തിൽ ലഭിക്കുന്ന തുകകൾ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വരവ് വയ്ക്കുകയും, ക്ഷേമപെൻഷനുകൾക്കുള്ള ചെലവുകൾ ബന്ധപ്പെട്ട ബഡ്ജറ്റ് ശീർഷകങ്ങളിൽ വകയിരുത്തിയ തുകയിൽ നിന്നും അപ്രോപ്രിയേഷൻ നിയന്ത്രണത്തിന് വിധേയമായി ചെലവഴിക്കുകയുമാണ് ചെയ്യുന്നത്. ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും ഫണ്ട് കണ്ടെത്തുന്നതിനുമായി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തിച്ച് വരികയാണ്. ഈ കമ്പനി നടത്തുന്ന താൽക്കാലിക കടമെടുപ്പ് സർക്കാരിന്റെ പൊതുകടമായി കണക്കാക്കുമെന്ന കേന്ദ്ര നിലപാട് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ട്. ആയതിനാൽ, പെൻഷൻ വിതരണത്തിന് ആവശ്യമായ തുക ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ട സാഹചര്യമാണുള്ളത്. ഇത് പെൻഷൻ വിതരണത്തെ ബാധിക്കുമെങ്കിലും ക്ഷേമപെൻഷനുകൾ പരമാവധി സമയത്തുതന്നെ ലഭ്യമാക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ